LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ചേപ്പാട് കൃഷി ഓഫീസർ ശ്രീമതി സഫീനയ്ക്ക് പത്തിയൂർ കൃഷിഭവന്റെ അധികചുമതല നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

**പരമ്പരാഗത വിത്ത് സംരക്ഷണം**

**157 (1571)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിനും ഇവ ഉപയോഗിച്ചുള്ള കൃഷി വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പരമ്പരാഗത രീതിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ പ്രത്യേക നെല്ലിനങ്ങളായ ഞവര, ജീരകശാല, ഗന്ധകശാല, പൊക്കാളി ഇനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിലായി 2000 ഹെക്ടറിൽ പ്രത്യേക നെല്ലിനങ്ങളായ ഞവര, ജീരകശാല, ഗന്ധകശാല, പൊക്കാളി ഇനങ്ങൾ 2014-15 വർഷം കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കർഷകർക്ക് ഹെക്ടറിന് 10000 രൂപ നിരക്കിൽ ആനുകൂല്യം നൽകി വരുന്നുണ്ട്. കൂടാതെ എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലായി ആർ.കെ.വി.വൈ പദ്ധതിയിലൂടെ 696.5 ഹെക്ടർ പ്രദേശത്ത് പൊക്കാളി ഇനങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000 രൂപ നിരക്കിൽ സബ്സിഡിയും നൽകിവരുന്നു. കൂടാതെ പൊക്കാളി വിത്തുകൾ കർഷകരിൽ നിന്നും സംഭരിക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി സ്വീകരിച്ചുവരുന്നു.